നമ്പർ.എ4/1361/22

പ്രിൻസിപ്പാളിന്റെ കാര്യാലയം,
സർക്കാർ എഞ്ചിനീയറിംഗ് കോളേജ്, ഇടുക്കി,
തീയതി : 21/04/2022.

**ദർഘാസ് പരസ്യം**

**ദർഘാസ് 01/2022-23**

ഇടുക്കി സർക്കാർ എഞ്ചിനീയറിംഗ് കോളേജിലെ ആയിരത്തോളം വിദ്യാർത്ഥികൾക്കും ഇരുന്നൂറിൽ പരം ജീവനക്കാർക്കുമായി 01/06/2022 മുതൽ കാന്റീനും കഫറ്റേരിയയും തുറന്നുപ്രവർത്തിപ്പിച്ച് ഇതൊടൊപ്പമുള്ള പട്ടികയിലെ അളവുപ്രകാരം ഭക്ഷണസാധനങ്ങൾ വിതരണം ചെയ്യുന്നതിലേക്കായി മുദ്രവച്ച ദർഘാസുകൾ ക്ഷണിച്ചുകൊള്ളുന്നു.

ദർഘാസ് സമർപ്പിക്കുന്ന കവറിനു പുറത്ത് "കാന്റീൻ & കഫറ്റേരിയ ദർഘാസ് 2022" എന്ന് രേഖപ്പെടുത്തിയിരിക്കേണ്ടതാണ്.

അപേക്ഷകന്റെ മേൽവിലാസവും ഫോൺനമ്പരും കവറിനുപുറത്തും ദർഘാസിലും വ്യക്തമായി എഴുതിയിരിക്കേണ്ടതാണ്. ദർഘാസുകൾ 06/05/2022 വെള്ളി ഉച്ചയ്ക്ക് ശേഷം 2 മണിവരെ ഓഫീസിൽ സ്വീകരിക്കുന്നതും അന്നേ ദിവസം ഉച്ചയ്ക്ക് ശേഷം 3 മണിക്ക് തൽസമയം ഹാജരുള്ള ദർഘാസുകാരുടെ സാന്നിദ്ധ്യത്തിൽ തുറന്നു പരിശോധിക്കുന്നതുമാണ്.

ദർഘാസുകളെ സംബന്ധിച്ച് പ്രിൻസിപ്പാളിന്റെ തീരുമാനം അന്തിമമായിരിക്കും. കേരള സർക്കാരിന്റെ പരിധിയിൽ വരുന്ന സമാന സ്വഭാവമുള്ള ദർഘാസുകളുടെ നിയമാവലി ഇതിനും ബാധകമായിരിക്കും.

കാന്റിന്റെയും കഫറ്റേരിയയുടേയും നടത്തിപ്പിന്റെ കാലാവധി താൽക്കാലികമായി 5 മാസത്തേക്ക് അനുവദിക്കുന്നതും പ്രവർത്തനം തൃപ്തികരമെന്നു കണ്ടാൽ മാത്രം നീട്ടി നൽകുന്നതുമാണ്. കാന്റീൻ & കഫറ്റേരിയ നടത്തിപ്പിന്റെ പരമാവധി കാലാവധി ഒരു വർഷമായിരിക്കും. കാന്റീൻ പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ വൈദ്യുതിച്ചാർജ്ജ് മീറ്റർ റീഡിംഗ് അനുസരിച്ചും, തറവാടക 800/- രൂപ എന്ന നിരക്കിലും കരാറുകാരൻ പ്രതിമാസം അഞ്ചാം തീയതിയ്ക്കുമുമ്പായി ആഫീസിൽ അടക്കേണ്ടതാണ്. എല്ലാ പ്രവർത്തിദിവസങ്ങളിലും സ്ഥാപന മേധാവി ആവശ്യപ്പെടുന്ന ദിവസങ്ങളിലും രാവിലെ 8.00 മണിമുതൽ വൈകുന്നേരം 8.00 വരെ മുഴുവൻ സമയവും കാന്റീൻ തുറന്നു പ്രവർത്തിക്കേണ്ടതാണ്. ആവശ്യമായ വെള്ളം സൗജന്യമായി നൽകുന്നതാണ്.

കഫറ്റേരിയ എല്ലാ പ്രവർത്തിദിവസങ്ങളിലും സ്ഥാപന മേധാവി ആവശ്യപ്പെടുന്ന ദിവസങ്ങളിലും രാവിലെ 10.30.എ.എം മുതൽ 4.30.പി.എം വരെ പ്രവർത്തിക്കേണ്ടതാണ്. പ്രിൻസിപ്പാളിന്റെ നിർദ്ദേശപ്രകാരം അവധി ദിവസങ്ങളിലും പ്രവർത്തിപ്പിക്കാൻ ബാദ്ധ്യസ്ഥരാണ്.

GOVERNMENT ENGINEERING COLLEGE PAINAVU, IDUKKI

ദർഘാസിനെക്കുറിച്ചുള്ള മറ്റ് വിശദവിവരങ്ങൾ കോളേജ് ഓഫീസിൽ നിന്നും പ്രവർത്തിസമയങ്ങളിൽ ലഭിക്കുന്നതാണ്. നിലവിലുള്ള ഫർണിച്ചർ, സ്റ്റൗവ് തുടങ്ങിയ സാധന സാമഗ്രികൾ ഉപയോഗിക്കാവുന്നതാണ്. സ്റ്റൗ തുടങ്ങിയ ഉപകരണങ്ങൾ കൃത്യമായി കരാറുകാരുടെ ചിലവിൽ റിപ്പയർ ചെയ്യേണ്ടതാണ്. കരാറുകാരന്റെ ജീവനക്കാരുടെ ഹെൽത്ത് കാർഡിന്റെ പകർപ്പ് കരാറിനൊപ്പം നൽകേണ്ടതാണ്. കരാറുകാരൻ പഞ്ചായത്തിൽ കാന്റീൻ നടത്തുന്നതിനുള്ള ലൈസൻസ് എടുക്കേണ്ടതാണ്. കരാറു ലഭിയ്ക്കുന്ന വ്യക്തി ഡിപ്പോസിറ്റായി 15,000/- രൂപാ (രൂപാ പതിനയ്യായിരം മാത്രം) കരാർ ലഭിയ്ക്കുന്ന സമയത്തുതന്നെ അടയ്ക്കേണ്ടതാണ്.

കാന്റീന്റെ പ്രവർത്തനം തൃപ്തികരമല്ലെന്ന് കണ്ടാൽ യാതൊരു മുന്നറിയിപ്പും കൂടാതെ നോട്ടീസ് നൽകാതെ കാന്റീന്റെ പ്രവർത്തനം നിർത്തിവയ്പ്പിക്കാനുള്ള പൂർണ്ണമായ അവകാശം പ്രിൻസിപ്പാളിനുള്ളതായിരിക്കും

കോവിഡ് - 19 മായി ബന്ധപ്പെട്ട് സർക്കാർ പുറപ്പെടുവിക്കുന്ന മാർഗ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

ഡോ. ജലജ എം ജെ

പ്രിൻസിപ്പൽ

PRINCIPAL
GOVERNMENT ENGINEERING COLLEGE
PAINAVU, IDUKKI

പകർപ്പ്:

1) നോട്ടീസ് ബോർഡ് (ജിഇസി, ഇടുക്കി)
2) പൊതുമരാമത്തു വകുപ്പ് നോട്ടീസ് ബോർഡ്.
3) ജില്ലാ കളക്ട്രേറ്റ് നോട്ടീസ് ബോർഡ്
4) ജില്ലാ പഞ്ചായത്ത് നോട്ടീസ് ബോർഡ്
5) വാഴത്തോപ്പ് ഗ്രാമപഞ്ചായത്ത് നോട്ടീസ് ബോർഡ്
6) സബ് ട്രഷറി പൈനാവ് നോട്ടീസ് ബോർഡ്

GOVERNMENT ENGINEERING COLLEGE PAINAVU, IDUKKI

# സർക്കാർ എഞ്ചിനീയറിംഗ് കോളേജ്, ഇടുക്കി.

## കാന്റീൻ ഭക്ഷണ സാധനങ്ങളുടെ പട്ടിക

1) ഊണ് : 500 ഗ്രാം (കുത്തരി ഉപയോഗിച്ചു്)
സാമ്പാർ (എല്ലാ ദിവസവും)
പുളിശ്ശേരി, മോര്, രസം
(ഏതെങ്കിലും രണ്ടിനം)
അവിയൽ അല്ലെങ്കിൽ കൂട്ടുകറി,
തോരൻ, പപ്പടം, അച്ചാർ.
2) ചായ/കാപ്പി : 175 എം.എൽ (മിൽമ പാൽ ഉപയോഗിച്ചു് മാത്രം)
3) ദോശ/ഇഡ്ഡലി/അപ്പം : 80 ഗ്രാം
4) ചപ്പാത്തി : 80 ഗ്രാം
5) പൊറോട്ട : 100 ഗ്രാം
6) പൂരി സെറ്റ് (3 എണ്ണം) മസാല : 160 ഗ്രാം
7) പരിപ്പുവട,ഉഴുന്നുവട, സുഖിയൻ മുതലായവ : 60 ഗ്രാം
8) നെയ്യപ്പം, പഴം പൊരി മുതലായവ : 50 ഗ്രാം
9) കൊഴുക്കട്ട : 100 ഗ്രാം
10) വൽസൻ : 100 ഗ്രാം
11) മീൻ കറി : 150 ഗ്രാം
12) മീൻ വറുത്തത് : 100 ഗ്രാം
13) മാട്ടിറച്ചി കറി/ ഫ്രൈ/ റോസ്റ്റ് : 150 ഗ്രാം
14) ചിക്കൻ കറി/റോസ്റ്റ് : 150 ഗ്രാം
15) മുട്ടക്കറി (കോഴി) : 1 എണ്ണം
16) ഓംലെറ്റ്( കോഴിമുട്ട) : 1 എണ്ണം
17) കടലക്കറി/പീസ്കറി/വെജിറ്റബൾ കറി : 120 ഗ്രാം
18) ബിരിയാണി (വെജിറ്റബിൾ) : 500 ഗ്രാം
19) ബിരിയാണി (ചിക്കൻ) : 500 ഗ്രാം
20) ബിരിയാണി (ബീഫ്) : 500 ഗ്രാം
21) പത്തിരി (അരി) : 40 ഗ്രാം
22) കഞ്ഞി, ചെറുപയർ, പപ്പടം : 500 ഗ്രാം
23) പഫ്സ് (വെജ്ജ്, മുട്ട, ഇറച്ചി) :
24) ഉപ്പുമാവ് : 250 ഗ്രാം
25) ഇടിയപ്പം : 60 ഗ്രാം
26) ബ്രെഡ് റോസ്റ്റ് : 1 എണ്ണം
27) മസാല ദോശ : 200 ഗ്രാം
28) നെയ് റോസ്റ്റ് : 125 ഗ്രാം
29) കട്‌ലറ്റ് (വെജിറ്റബിൾ) – 60 ഗ്രാം : 1 എണ്ണം
30) കട്‌ലറ്റ് (ബീഫ്) – 60 ഗ്രാം : 1 എണ്ണം
31) കപ്പ : 300 ഗ്രാം
32) സമോസ – 60 ഗ്രാം : 1 എണ്ണം
33) ഏത്തപ്പഴം – 150 ഗ്രാം : 1 എണ്ണം
34) ചെറുപഴം – 75 ഗ്രാം : 1 എണ്ണം
35) പുട്ട് : 300 ഗ്രാം
36) കപ്പ ബിരിയാണി : 300 ഗ്രാം

GOVERNMENT ENGINEERING COLLEGE PAINAVU, IDUKKI

(തുടർച്ച...2..)

പ്രഭാത ഭക്ഷണത്തിനും ഉച്ചഭക്ഷണത്തിനും മേൽപ്പറഞ്ഞവ കൂടാതെ അതാത് ദിവസങ്ങളിൽ താഴെപ്പറയും വിധം ഏതെങ്കിലും രണ്ടിനം നിർബ്ബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്.

| | | | |
|---|---|---|---|
| | | **പ്രഭാത ഭക്ഷണം.** | **ഉച്ചഭക്ഷണം** |
| തിങ്കൾ | – | ദോശ/ഇഡ്ഡലി/പൊറോട്ട | മീൻ/ ഓംലെറ്റ്/ബീഫ് |
| ചൊവ്വ | – | ദോശ/ചപ്പാത്തി/അപ്പം | മീൻ/ ഓംലെറ്റ് /ചിക്കൻ |
| ബുധൻ | – | ഇഡ്ഡലി/ഇടിയപ്പം/നെയ്റോസ്റ്റ് | മീൻ/ ഓംലെറ്റ്/മട്ടൻ |
| വ്യാഴം | – | ഇടിയപ്പം/പുട്ട്/ ദോശ | മീൻ/ ഓംലെറ്റ്/ബീഫ് |
| വെള്ളി | – | പൂരി/അപ്പം/മസാലദോശ | മീൻ/ ഓംലെറ്റ് /ചിക്കൻ |
| ശനി | – | ഇഡ്ഡലി/ഇടിയപ്പം/ഉപ്പുമാവ് | മീൻ/ ഓംലെറ്റ് /മട്ടൻ |

GOVERNMENT ENGINEERING COLLEGE
PAINAVU, IDUKKI

പ്രിൻസിപ്പാൾ

PRINCIPAL
GOVERNMENT ENGINEERING COLLEGE
PAINAVU, IDUKKI